# പ്രഹ്ലാദസ്തുതി

ധുർജ്ജടീം ലോകൈകനാഥം നരസിംഹ–
മാർജ്ജവവീര്യപരാക്രമവാരിധിം
അഗ്നിനേത്രാലോകവ്യാപ്തജിഹ്വാമുഖ–
മഗ്നിവിഭൂതിസ്വരൂപിണമവ്യയ–
മഷ്ടഭുജോഷ്മകാനന്തവിജൃംഭണം
ദുഷ്ടനാശനഖദന്തം നമാമ്യഹം
ഘോരഹൃദയോരുജാനുജംഘാപദം
ഭൈരവനാദത്രിലോകഭയങ്കരം
ഭൂരികരുണാജലധിം നമാമ്യഹം.
ദൂരീകൃതാഘമനിശം നമാമ്യഹം
ലോകവിനാശാംബുധിസൂക്ഷ്മബിന്ദുവൽ
സ്ഥൂലവിരാട്ടാം സ്വശക്തിം നമാമ്യഹം
ആകാശഭൂമിസ്ഫുരജ്ജ്യോതിരാദിമം
സോകേതരാനന്ദവിഗ്രഹം ശാശ്വതം
പാകാരി ഭർഗ്ഗാംബുജാവാസപൂജിതം
ലോകാധിനായകം വിഷ്ണും നമാമ്യഹം
സംസാരസിന്ധുതരംഗാകുലാത്മനാം
പുംസാം മഹാമോഹനാശനം വേദാന്ത–
വേദ്യസ്വരൂപം വിധിമുഖ്യസേവിത–
മാദ്യമജന്തം ജനാർദ്ദനം മാധവം
മീനസ്വരൂപമസുരവിനാശനം
നാനാവിധവേദ്യമംബുജാതസ്ഥിതം
ആനന്ദരൂപമലേപകമവ്യയം
ജ്ഞാനസ്വരൂപമജ്ഞാനവിനാശനം
കച്ഛപസൂകരവേഷമനാദ്യന്തം

നിശ്ചലമാശ്രിതകല്പകഭൂരുഹം
കായാംപൂവർണ്ണം കമലവിലോചനം
മായാമയം മധുകൈടഭനാശനം
അസൃജ്ജനകവിനാശനം നാരസിം–
ഹോദ്യൽകളേബരം മോക്ഷദം ശാശ്വതം
നാരായണം ജഗദാസ്പദം യോഗിനാം
പാരായണം പരാത്മാനം നമാമ്യഹം
അംബുജനാഭ! നാഗേശപര്യങ്കഗ!
ചിന്മയമേ! നിൻ പദാബ്ജസേവാസ്തു മേ–
ഭീമസ്വരൂപ ശാന്ത്യർത്ഥം നതോസ്മി തേ
മാമവ, സ്വാമിൻ! പരമാത്മനേ നമഃ
നാഥാ! ജയ ജയ നാരായണ ! ജയ
പാഥോജലോചന! പത്മനാഭ! ജയ
വിഷ്ണോ! ജയ ജയ വിശ്വംഭര ജയ
ജിഷ്ണുമുഖാമരസേവ്യ! ജയ ജയ
ദർവീകരേന്ദ്രശയന! ജയജയ
ശർവവന്ദ്യ! ശരണാഗതവത്സല!
ഭക്തപ്രിയ! ജയ പാപവിനാശന!
മുക്തിപ്രദ! മുനിവൃന്ദനിഷേവിത!
സ്ഥാവരജംഗമാചാര്യ! ജയജയ
താപസാന്തഃ സ്ഥിത! താപാപഹ! ജയ
സർവ്വലോകേശ ജയജയ സന്തതം
പൂർവദേവാരേ! പുരുഷോത്തമ! ജയ
കാമിതദായക! സോമബിംബാനന
കോമളാകാര! ജയജയശ്രീപതേ!
മൂന്നായ് വിളങ്ങിനിന്നീടുന്ന ലോകത്തി–
നൂന്നായ് വിളങ്ങുന്ന തമ്പുരാനേ! ഹരേ!
നിന്മഹാമായാഗുണങ്ങളിൽ നിന്നുടൻ

ബ്രഹ്മാദിമൂർത്തികളുല്പന്നരായിതു;
രാജസമായ ഗുണാശ്രിതൻ ബ്രഹ്മനും
രാജീവനേത്രനാം വിഷ്ണു സത്വാശ്രിതൻ
താമസമായ ഗുണാശ്രിതനായിട്ടു
കാമാരിയും; മൂർത്തിഭേദങ്ങളിങ്ങനെ
ലോക സർഗ്ഗസ്ഥിതിസംഹാരവും പുന-
രേകനായ് നീ തന്നെ ചെയ്തുപോരുന്നതും
മൂന്നായമൂർത്തികളൊന്നായ് വിളങ്ങിന
നിന്നെയും നീയൊഴിഞ്ഞാരറിഞ്ഞിടുവോർ
വേദവുംകൊണ്ടു ജലധിയിൽപോയൊരു
മേദുരനായ ഹയഗ്രീവനെകൊൽവാൻ
മത്സ്യമായന്നു ഭവിച്ചതുമാശ്രിത-
വത്സലനാകുന്ന നാഥാ! ഭവാനല്ലോ.
ക്ഷീരാംബുധിമഥനത്തിനു മന്ദരം
നേരേ മുതുകിൽ ധരിച്ചതും നീയല്ലോ
ഉർവിയും കൊണ്ടു രസാതലംപുക്കൊരു
ഗർവിതനായ ഹിരണ്യാക്ഷനെത്തദാ
ഘോണിയായ് ചെന്നവൻതന്നെ വധിച്ചുടൻ-
ക്ഷോണിയെത്തേറ്റമേൽപൊങ്ങിച്ചതും ഭവാൻ
ഇന്നു നരസിംഹവേഷം ധരിച്ചതു-
മെന്നെ രക്ഷിപ്പതിനായിട്ടു ദൈവമേ
അന്നന്നിവണ്ണം ഭവിക്കുന്ന സങ്കട-
മോന്നെന്നിയേതീർത്തു ലോകങ്ങൾ പാലിപ്പാൻ
ഇത്ര കാരുണ്യംകലർന്നവരാരു മ-
റ്റിത്രിലോകത്തിങ്കൽ നാഥാ! പ്രസീദ മേ
ത്വൽപാദപങ്കേരുഹം മമ കേവല-
മെപ്പോഴുമുൾപ്പൂവിൽവാഴ്ക ധരാപതേ!
മംഗലമൂർത്തേ നമസ്തേ നമോനമഃ!

ശാർങ്ഗപാണേ! തേ നമസ്തേ നമോസ്തുതേ
സച്ചിന്മയായ നമസ്തേ നമോസ്തുതേ
വിശ്വവന്ദ്യായ നമസ്തേ നമോനമഃ
സത്യസ്വരൂപായ നിത്യം നമോ നമഃ
നിത്യായ നിഷ്കിഞ്ചനാർത്ഥായ തേ നമഃ
വേദാന്തവേദ്യായ വിഷ്ണവേ തേ നമോ
വേദസ്വരൂപായ നിത്യം നമോസ്തുതേ"

ഇത്തരം ചൊല്ലിസ്തുതിച്ചാൻ പലതര–
മുത്തമനായൊരു ഭക്തജനോത്തമൻ
ഭക്തപ്രിയനരുളിച്ചെയ്തിതപ്പോഴു–
തുത്തമനായപ്രഹ്ലാദനോടാദരാൽ:–
നിത്യമിസ്തോത്രവേദാന്തസമീരിത–
മത്യന്തശുദ്ധനായുള്ള ദ്വിജോത്തമൻ
സദ്യോ ജപിക്കിലവനെന്റെ സാരൂപ്യം
അദ്യ ഭവിക്കുമതിനില്ല സംശയം!

https://www.youtube.com/watch?v=T1xXi8QWP0c